(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മരണമടഞ്ഞ 77 ജവാൻമാരുടെ ആശ്രിതരായ 14 പേർ ഉൾപ്പെടെ മൊത്തം 39 ജവാൻമാരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ തൊഴിൽ നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം (3)-ൽ ചേർത്തിരിക്കുന്നു. സർക്കാരിന്റെ പരിഗണനയിലുള്ള അപേക്ഷകളിൽ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി തീർപ്പു കൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. †

പ്രതിമകൾ സ്ഥാപിക്കാൻ നടപടി

111 [114] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രപിതാവിന്റെയും പ്രഥമ പ്രധാനമന്ത്രി ജവഹർലാൽനെഹ്രുവിന്റെയും ഭരണഘടന ശില്പി ഡോ. അംബേദ്ക്കറുടെയും പ്രതിമകൾ നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ആവശ്യത്തിനായി ശില്പികളെ നിശ്ചയിച്ചത് ആരായിരുന്നു എന്ന് അറിയിക്കാമോ;

(സി) പ്രതിമകൾ നിർമ്മിക്കുന്നതിനായി സമർപ്പിച്ച കേരളത്തിലെ ശില്പികളുടെ ഓഫറുകൾ ഒഴിവാക്കപ്പെട്ട പശ്ചാത്തലം അറിയിക്കാമോ;

(ഡി) പ്രതിമ നിർമ്മാണത്തിനായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഇ) പ്രതിമകൾ എന്നേക്ക് നിർമ്മാണം പൂർത്തിയാക്കുമെന്നാണ് കരുതപ്പെടുന്നത്;

(എഫ്) പ്രതിമ സ്ഥാപനത്തിന് സ്ഥലം അനുവദിച്ച് കിട്ടിയിട്ടുണ്ടോ;

(ജി) പ്രതിമാ സ്ഥാപനം കഴിയുംവേഗം പൂർത്തിയാക്കുന്നതിനായി പ്രത്യേക സംവിധാനം ഔദ്യോഗികമായി ഏർപ്പെടുത്തുമോ?

ഉത്തരം

(എ) ദേശീയ നേതാക്കളായ മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്രു, ബി. ആർ. അംബേദ്ക്കർ എന്നിവരുടെ പ്രതിമകൾ കേരള നിയമസഭാ മന്ദിരത്തിനു മുന്നിൽ സ്ഥാപിക്കുന്നതിനുള്ള കരാറുകൾ ഇതിനകം നൽകി കഴിഞ്ഞു. മഹാത്മാഗാന്ധിയുടെ പ്രതിമയുടെ ശില്പി ചെന്നൈ സ്വദേശിയായ ശ്രീ. മോഹൻദാസും, ജവഹർലാൽ നെഹ്രു, ബി. ആർ. അംബേദ്ക്കർ എന്നിവരുടെ പ്രതിമകൾ നിർമ്മിക്കുന്ന ശില്പി ചെന്നൈ സ്വദേശിയായ ശ്രീ. കിഷോർ ജെ. നാഗപ്പയും ആണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിയമസഭാ കോംപ്ലക്സ് നിർമ്മാണത്തിനായുള്ള ഹൈലെവൽ കമ്മിറ്റിയുടെ അംഗീകാരത്തോടെ പൊതുഭരണം, പൊതുമരാമത്ത്, ധനകാര്യം എന്നീ വകുപ്പു സെക്രട്ടറിമാരും നിയമസഭാ സെക്രട്ടറിയുമടങ്ങുന്ന സമിതിയാണ് പ്രതിമാ നിർമ്മാണത്തിനായുള്ള ശില്പികളെ നിശ്ചയിച്ചത്.

(സി) പത്രപ്പരസ്യത്തിലൂടെ ലഭ്യമായ എല്ലാ അപേക്ഷകളും കമ്മിറ്റി സൂക്ഷ്മപരിശോധന നടത്തി ഏറ്റവും വിദഗ്ദ്ധരായ ശില്പികളെയാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചിരിക്കുന്നത്.

(ഡി) മഹാത്മാഗാന്ധിയുടെ പ്രതിമയ്ക്ക് 16.50 ലക്ഷം രൂപയും, ജവഹർലാൽ നെഹ്രു, അംബേദ്ക്കർ എന്നിവരുടെ പ്രതിമയ്ക്ക് പത്തു ലക്ഷം രൂപ വീതവുമാണ് ചെലവ് വരുന്നത്.

(ഇ) മഹാത്മാഗാന്ധിയുടെ പ്രതിമാ നിർമ്മാണം ഉടമ്പടി ഒപ്പുവെച്ച 12-5-2004 മുതൽ 7 മാസത്തിനകവും, ജവഹർലാൽ നെഹ്രു, അംബേദ്ക്കർ എന്നിവരുടെ പ്രതിമാ നിർമ്മാണം ഉടമ്പടി ഒപ്പുവെച്ച 19-5-2004 മുതൽ 7 മാസത്തിനകവും പൂർത്തിയാക്കാനാണ് കരാറായിട്ടുള്ളത്.

(എഫ്) നിയമസഭാ സമുച്ചയത്തിൽ ആണ് പ്രതിമ സ്ഥാപിക്കുവാൻ കമ്മിറ്റി നിശ്ചയിച്ചിരിക്കുന്നത്.

(ജി) നിലവിലുള്ള സംവിധാനം പ്രതിമാ നിർമ്മാണമേൽനോട്ടത്തിന് പര്യാപ്തമാണ്.

പുതിയ ഫയർ സ്റ്റേഷനുകൾ

112 [115] ശ്രീ. ജോണി നെല്ലൂർ:

,, എ. എൻ. രാജൻ ബാബു:

,, ഷിബു ബേബിജോൺ:

,, കെ. കെ. ഷാജു:

,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി എത്ര ഫയർ ഫോഴ്സ് സ്റ്റേഷനുകളാണ് അനുവദിച്ചിട്ടുള്ളത്;

(ബി) അവ എവിടെയെല്ലാമാണ്;

(സി) പുതിയ ഫയർ സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഇവ അടിയന്തിരമായി സ്ഥാപിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly